## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1406

22/03/2013 ൽ
മറുപടിക്ക്

## സംഗീത സംവിധായകൻ രവീന്ദ്രന് സ്മാരകം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. രാജു | ശ്രീ. കെ.സി. ജോസഫ് (ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) പ്രശസ്ത ചലച്ചിത്ര സംഗീത സംവിധായകനായ രവീന്ദ്രന്റെ സ്മരണയ്ക്കായി അദ്ദേഹത്തിന്റെ ജന്മനാടായ കുളത്തൂപ്പുഴയിൽ നിർമ്മാണം ആരംഭിച്ച രാഗസരോവരം എന്ന സ്മൃതി മണ്ഡപത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സാംസ്കാരിക വകുപ്പ് എത്ര ലക്ഷം രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ; | (എ) സാംസ്കാരിക വകുപ്പിൽ നിന്നും 15 ലക്ഷം രൂപ 07.12.2010 ലെ സ.ഉ. (സാധാ) നമ്പർ 598/10/സിഎഡി നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചു. |
| (ബി) 2009-ൽ നിർമ്മാണം ആരംഭിച്ച പ്രസ്തുത സ്മാരകത്തിന്റെ നിർമ്മാണം മുടങ്ങിയതിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തടസ്സം നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) സ്മൃതി മണ്ഡപം സ്ഥാപിക്കുന്നതിന് ആകെ 55 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിരുന്നു. നിർമ്മാണത്തിന് ചുമതലപ്പെടുത്തിയ ശ്രീ.രാജീവ് അഞ്ചലിന് 21 ലക്ഷം രൂപ അഡ്വാൻസായി നൽകിയിരുന്നെങ്കിലും. കുളത്തൂപ്പുഴ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം ടി തുകയ്ക്കുള്ള വാല്യുവേഷൻ യഥാസമയം നൽകാത്തത് കാരണം നിർമ്മാണം മുടങ്ങി.<br><br>സർക്കാർ നിർദ്ദേശമനുസരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഇടപെടലുകളുടെ ഫലമായി നിലവിൽ നടന്ന പ്രവൃത്തികൾ റിക്കാഡ് ചെയ്തിട്ടുണ്ട്. തുടർന്നുള്ള പ്രവൃത്തികൾ പുതിയ നിരക്കുകളുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള സത്വര നടപടികൾ, കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ